- സംസ്ഥാന പ്രാദേശികതലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോത്സവം.
- 'ഡ്രീം സീസൺ' എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്റ്റംബർ പരെ നീണ്ടു നിൽക്കുന്ന പദ്ധതി.
- വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് വരുമാനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനം (കോടിയിൽ) |
|---|---|
| 2010 | 17,348.00 |
| 2011 | 19,037.00 |
| 2012 | 20,430.00 |
| 2013 | 22,926.55 |

## ബേക്കൽ എയർസ്ട്രിപ്പ്

330 (1038) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് അനുമതി നൽകിയത് ; വിശദാംശങ്ങൾ നല്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) ഈ പദ്ധതി നടപ്പിലാക്കാൻ എത്ര ഏക്കർ ഭൂമി വേണ്ടി വരും ; സർക്കാർ ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) സ്വകാര്യ വ്യക്തികളുടെ എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരും ; ആയതിന് തുക നീക്കിവച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് പ്രാഥമികാനുമതി നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് 14-2-2011-ലെ ജി.ഒ. (എംഎസ്.) നമ്പർ 50/2011/ടൂറിസം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പ്രാഥമികാനുമതി ലഭിച്ചശേഷം സർക്കാർ സ്ഥലം കൈമാറ്റത്തിന് അപേക്ഷ നൽകുകയും സ്വകാര്യ സ്ഥലം അക്വയർ ചെയ്യാനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിക്കുകയും ചെയ്തു. സാധ്യതാ പഠനം നടത്താനായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)-നെ നവംബർ 2012-ന് നിയോഗിക്കുകയും 2013-ന് ഡിസംബറിൽ ടെക്നോ ഇക്കണോമിക്സ് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) സമർപ്പിക്കുകയും ചെയ്തു.

(ഡി) എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിനായി പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് 80.41 ഏക്കർ സ്ഥലം കണ്ടെത്തുകയും ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയുടെ കൈമാറ്റത്തിനായി അപേക്ഷ നൽകിയിട്ടുമുണ്ട്.

(ഇ) 51.68 ഏക്കർ സ്വകാര്യ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നത്. തുക നീക്കി വച്ചിട്ടില്ല. സ്വകാര്യ സ്ഥലം അക്വയർ ചെയ്യുവാനും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം നിയോജക മണ്ഡലത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

331 (1039) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ ;

(ബി) ഇവയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?